വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ.സി. വേണുഗോപാൽ):*

(എ) ഉണ്ട്.

(ബി) ഇതിനായി ഒരു സമഗ്ര നിയമനിർമ്മാണത്തിന് ടൂറിസം വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് അന്തിമരൂപം നൽകിവരുന്നു. പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുമ്പോൾ ഈ രംഗത്തുള്ള അനാരോഗ്യവും അശാസ്ത്രീയവുമായ പ്രവണതകൾ ഇല്ലാതാക്കാൻ സാധിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ ആവശ്യമായ സംവിധാനം നിലവിലുണ്ട്. ആയുർവേദ കേന്ദ്രങ്ങൾക്ക് സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരവും ഒലീവ് ലീഫ്, ഗ്രീൻ ലീഫ് എന്നീ ക്ലാസിഫിക്കേഷനുകളും ടൂറിസം വകുപ്പ് നൽകാറുണ്ട്. ഇതിനുള്ള മാനദണ്ഡങ്ങളിൽ ആയുർവേദ ക്രിയാക്രമങ്ങൾ നടത്തുന്നതിന് യോഗ്യതയുള്ള ജീവനക്കാരെ മാത്രമേ നിയമിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കേരകർഷകർക്കുള്ള സാമ്പത്തിക സഹായം

*28 [75] *ശ്രീ. സി. മോയിൻകുട്ടി:*

„ *യു. സി. രാമൻ:*

„ *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ് കൃഷിക്കാരെ സഹായിക്കുന്നതിനായി, തയ്യാറാക്കിയ പദ്ധതി അനുസരിച്ച് കേരകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

(ബി) കേരകർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) കാറ്റുവീഴ്ച രോഗത്തിന്റെ കാഠിന്യം കണക്കിലെടുത്ത് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ അഞ്ചു ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മേൽപറഞ്ഞ ജില്ലകളിലെ 572 ലക്ഷം തെങ്ങുകളിൽ 6.5 ശതമാനം രോഗം ബാധിച്ചിട്ടുണ്ട് എന്നാണ് കണക്ക്. ഇവ മുറിച്ചുമാറ്റി പകരം തൈകൾ വച്ചു പിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മുറിച്ചു മാറ്റുന്നതിന് തെങ്ങൊന്നിന് 285 രൂപ ധനസഹായം നൽകുന്നു. രോഗം ബാധിച്ചതും

LIBRARY ARCHIVES Kerala Legislative Assembly

കായ്ഫലം എത്താത്തതുമായ 22 ലക്ഷത്തോളം തെങ്ങുകൾ മുറിച്ചു മാറ്റുവാനും പകരം 29.555 ലക്ഷം തൈകൾ സൗജന്യമായി വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നു. പദ്ധതി പ്രദേശങ്ങളിൽ തെങ്ങിൻതോപ്പുകളിൽ സംയോജിത തെങ്ങു കൃഷി പരിപാലനം നടപ്പിലാക്കുന്നതാണ്. ജൈവവളത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ശാസ്ത്രീയ വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവയ്ക്കായി തെങ്ങൊന്നിന് 125 രൂപ ചെലവു വരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഒരു വർഷം ഹെക്ടർ ഒന്നിന് 21875 രൂപ ചെലവു വരുന്നതിൽ 2596 രൂപ സബ്സിഡിയായും 17500 രൂപ ബാങ്കു വായ്പയായും ബാക്കി 1778 രൂപ കർഷകന്റെ സ്വന്തം ചെലവായും കണക്കാക്കുന്നു. തെങ്ങിൻ തോപ്പുകളിൽ ജലസേചനം ഉറപ്പുവരുത്തുന്നതിന് കിണർ കുഴിച്ചു പമ്പു സെറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 30,000 രൂപ ചെലവു വരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിൽ 20% സബ്സിഡിയായും 70% ബാങ്കുവായ്പയായും കർഷകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി 7 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) കാറ്റുവീഴ്ച രോഗം ബാധിച്ച കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ 357 പഞ്ചായത്തുകളിലുള്ള എല്ലാ തെങ്ങുകൃഷിക്കാർക്കും ആനുകൂല്യം ലഭ്യമാകത്തക്ക വിധത്തിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. എല്ലാ തെങ്ങു കൃഷിക്കാർക്കും ആനുകൂല്യം ലഭിക്കുന്നതിനാൽ പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(സി) മുറിച്ചുമാറ്റുന്ന തെങ്ങുകൾക്ക് പകരം രോഗപ്രതിരോധശേഷിയും ഉൽപ്പാദനക്ഷമതയുമുള്ള തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുക, തെങ്ങിൻ തോപ്പുകളിൽ സംയോജിത വളപ്രയോഗം, രോഗകീട നിയന്ത്രണം ഉൾപ്പെടെ ശാസ്ത്രീയ വിളപരിപാലനം ഏർപ്പെടുത്തുക, തോട്ടങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുക, രോഗനിർണ്ണയത്തിനായി സീറോളജിക്കൽ ലാബുകൾ സ്ഥാപിക്കുക എന്നീ ഘടകങ്ങളാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജലപാത നിർമ്മിച്ച് വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനുള്ള നടപടി

*29 [76] *ശ്രീ. സി. മമ്മൂട്ടി:*

,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേഅറ്റം വരെ ജലപാത നിർമ്മിച്ച് ജലഗതാഗത സൗകര്യം വർദ്ധിപ്പിച്ച് വിനോദസഞ്ചാരം വികസിപ്പിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ആരംഭിച്ചുവോ?

LIBRARY ARCHIVES Kerala Legislative Assembly